

നീര ലൈസൻസ് വിതരണം കൊച്ചിയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. ഹൈബി ഈഡൻ എംഎൽഎ, ടി.കെ. ജോസ്, മന്ത്രി കെ. ബാബു, കെ.വി. തോമസ് എംപി, ഡൊമിനിക് പ്രസിന്റേഷൻ എംഎൽഎ, ബെന്നി ബഹനാൻ എംഎൽഎ, ലാൽ വർഗീസ് കൽപകവാടി, മേയർ ടോണി ചമ്മണി, ഷാജഹാൻ കാഞ്ഞിരപ്പിള്ളി എന്നിവർ സമീപം.

# നീരയുൽപാദനത്തിന് ഇനിയും 136 നാളികേര ഉൽപാദന ഫെഡറേഷനുകൾക്കു ലൈസൻസ് നൽകും: മുഖ്യമന്ത്രി

### 173 ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകുന്നത് ഉദ്ഘാടനം ചെയ്തു

കൊച്ചി ● നീരയുൽപാദനത്തിനു 136 നാളികേര ഉൽപാദന ഫെഡറേഷനുകൾക്കുകൂടി ലൈസൻസ് നൽകുമെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. സംസ്ഥാനത്തു 173 നാളികേര ഉൽപാദന ഫെഡറേഷനുകൾക്കു നീര ഉൽപാദനത്തിനു ലൈസൻസ് നൽകുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. നീര കർഷകർക്കു സംസ്ഥാന ബജറ്റിൽ മാറ്റിവച്ച 15 കോടി രൂപ വിതരണം ചെയ്യണമെന്നും നീര ഉൽപാദനത്തിന് അപേക്ഷിച്ച 309 ഫെഡറേഷനുകളിൽ ശേഷിക്കുന്നവയ്ക്കുകൂടി ലൈസൻസ് നൽകണമെന്നുമുള്ള നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസിന്റെ അഭ്യർഥനയ്ക്കുള്ള മറുപടിയായാണു മുഖ്യമന്ത്രി ഇതു പറഞ്ഞത്.

മുഖ്യമന്ത്രിയെന്ന നിലയിൽ താൻ നടപ്പാക്കിയ പദ്ധതികളിൽ ഏറ്റവും സന്തോഷം നൽകിയ കാര്യമാണു നീരയുൽപാദനം ആരംഭിക്കാൻ അനുമതി നൽകിയതെന്നു മുഖ്യമന്ത്രി പറഞ്ഞു. കാർഷിക മേഖലയുടെ ഉണർവാണു കേരളത്തിന്റെ കരുത്ത്. നീരയുടെ വരവോടെ നാളികേരത്തിന്റെ ദുർദശ മാറി. 100 കൊല്ലം പഴക്കമുള്ള നിയമം മാറ്റിയാണു ഇതു സാധ്യമാക്കിയതെന്ന് അദ്ദേഹം പറഞ്ഞു.

ചെത്തിയെടുക്കുന്ന നീര ആറു മണിക്കൂർ സംസ്കരിക്കാതെ വച്ചാൽ കള്ള് ആയി മാറുമെന്നതിനാൽ നീരചെത്തും ഉൽപാദനവും തുടർന്നും എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ തന്നെയായിരിക്കുമെന്നു ചടങ്ങിൽ അധ്യക്ഷനായിരുന്ന മന്ത്രി കെ. ബാബു പറഞ്ഞു. നീര ഉൽപാദനത്തിന്റെ പ്രയോജനം കള്ളുചെത്തു തൊഴിലാളികൾക്കുകൂടി ലഭിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. കെ.വി. തോമസ് എംപി, എംഎൽഎമാരായ ഡൊമിനിക് പ്രസന്റേഷൻ, ബെന്നി ബഹനാൻ, ലൂഡി ലൂയിസ്, ഹൈബി ഈഡൻ, നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ്, എക്സൈസ് കമ്മിഷണർ അനിൽ സേവ്യർ, മേയർ ടോണി ചമ്മണി, ജോയിന്റ് എക്സൈസ് കമ്മിഷണർ ഡി. സന്തോഷ്, ഹോർട്ടി കോർപ് ചെയർമാൻ ലാൽ വർഗീസ് കൽപ്പകവാടി, നാളികേര ഉൽപാദക കമ്പനി കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ, നീര കമ്മിറ്റി കർഷക പ്രതിനിധി ബാബു ജോസഫ്, എസ് സിഎംഎസ് ബയോ സയൻസ് ബയോ ടെക്നോളജി ഗവേഷണ വിഭാഗം മേധാവി ഡോ. സി. മോഹൻകുമാർ, മുഖ്യ നാളികേര വികസന ഓഫിസർ സുഗത ഘോഷ് പ്രസംഗിച്ചു.